(ബി) എത്ര ബസ്സുകൾ ഡിപ്പോയിലുണ്ട്; എത്ര ബസ്സുകൾ ദിവസവും സർവ്വീസ് നടത്തുന്നുണ്ട്;

(സി) യാത്രക്കാരുടെ ബാഹുല്യം കണക്കിലെടുത്ത് കൂടുതൽ ബസ് സർവ്വീസ് നടത്താൻ തയ്യാറാകുമോ?

ഉത്തരം

(എ) 22 ഷെഡ്യൂളുകൾ.

(ബി) 24 ബസ്സുകൾ ഉണ്ട്. ശരാശരി 22 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്.

(സി) ആവശ്യമെന്നു കണ്ടാൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

പേരാമ്പ്രയിൽ നിന്നും അരിക്കുളം വഴി കൊയിലാണ്ടിയിലേക്ക് ബസ്

115 [2887] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്ര നിന്നും അരിക്കുളം വഴി കൊയിലാണ്ടിക്ക് കെ. എസ്. ആർ. ടി. സി. ബസ്സുകൾ ഓടിക്കുന്നതിന് വേണ്ടിയുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) അരിക്കുളം വഴി ബസ്സുകൾ എപ്പോൾ ഓടിത്തുടങ്ങുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പേരാമ്പ്ര നിന്നും അരിക്കുളം വഴി കൊയിലാണ്ടിക്ക് ഒരു സർവ്വീസ് തുടങ്ങുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത സർവ്വീസ് ഉടനെ തുടങ്ങുന്നതാണ്.

സ്റ്റേജ് ക്യാരേജ് ബസ്സുകൾക്ക് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ്

116 [2888] ശ്രീ. എൻ. ഡി. അപ്പച്ചൻ :
,, എം. എ. വാഹീദ് :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേജ് ക്യാരേജ് ബസ്സുകളുടെ ബോഡി ബിൽഡിംഗ് നടത്തിയത് നിയമ പ്രകാരമല്ലെങ്കിൽ അതിന് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകാറുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവയുടെ ചവിട്ടുപടികളുടെ പൊക്കം എത്രയായിരിക്കണമെന്ന് വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് പറയുമോ;

(സി) ചവിട്ടുപടിക്ക് വ്യവസ്ഥയിൽ കൂടുതൽ ഉയരമുള്ള ബസ്സുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൊടുക്കുകയും അവ സർവ്വീസ് നടത്തുകയും ചെയ്യുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത്തരത്തിൽപ്പെട്ട എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്;

(ഇ) വ്യവസ്ഥ പ്രകാരം ചവിട്ടുപടികളുടെ ഉയരം ക്രമീകരിച്ച ബസ്സുകൾക്ക് മാത്രമെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകാവൂ എന്ന് പീപ്പിൾസ് കൗൺസിൽ ഫോർ സോഷ്യൽ ജസ്റ്റീസ് എന്ന സംഘടന നൽകിയ കേസിൽ സംസ്ഥാന ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് വിധി പ്രസ്താവിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഈ വിധി നടപ്പാക്കിയോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്. കേരള മോട്ടോർ വാഹന നിയമം 282(1) പ്രകാരം ഏറ്റവും കൂടിയത് 40 സെന്റീമീറ്ററും കുറഞ്ഞത് 25 സെ.മീറ്ററുമാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഉണ്ട്.

(എഫ്) വിധി നടപ്പാക്കണമെന്ന് എല്ലാ ആർ. റ്റി. ഒ. മാർക്കും/ജോയിന്റ് ആർ.റ്റി.ഒ.-മാർക്കും ട്രാൻസ്പോർട്ട് കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുണ്ട്.

കരുനാഗപ്പള്ളി ഡിപ്പോയിൽ നിന്നും ബസ്സ് സർവ്വീസ്

117 [2889] ശ്രീ. എ. എൻ. രാജൻ ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കരുനാഗപ്പള്ളി ഡിപ്പോയിൽ നിന്നും ഏതൊക്കെ ബസ്സ് റൂട്ടുകൾ പുതുതായി ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly